LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന നടപ്പാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വിഹിതമായി 41.85 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക മുഴുവൻ ചെലവാക്കി.

(ബി) 1178022 കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളായി.

(സി) സംസ്ഥാനത്ത് പദ്ധതി ആദ്യവർഷം തന്നെ എല്ലാ ജില്ലകളിലും നടപ്പാക്കി.

ആരോഗ്യ ഇൻഷ്വറൻസ്

41 (5446) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സഹായം എന്തെങ്കിലും കിട്ടിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

രാഷ്ട്രീയസ്വാസ്ഥ്യ ബീമായോജന (RSB)-യുടെ പരിധിയിൽ വരുന്ന 11.79 ലക്ഷം ബി.പി.എൽ. കുടുംബങ്ങളുടെ ഇൻഷുറൻസ് പ്രീമിയത്തിന്റെ 75% കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. ഇതിനുപുറമേ വരുന്ന കുടുംബങ്ങളാണ് സംസ്ഥാന സർക്കാർ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (CHIS) ഉൾപ്പെടുന്നത്. ഇവരുടെ മുഴുവൻ ചെലവും സംസ്ഥാന സർക്കാരാണു വഹിക്കുന്നത്. എന്നാൽ ഇതിനുള്ള സോഫ്റ്റ്വെയർ സഹായം നൽകുന്നതു കേന്ദ്ര സർക്കാരാണ്. RSB-യുടെ കേന്ദ്ര വിഹിതമായി കഴിഞ്ഞ വർഷം 41.85 കോടി രൂപ ലഭിച്ചിരുന്നു.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

42 (5447) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൻ. ശക്തൻ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഓരോ ആരോഗ്യ സ്ഥാപനത്തിനും ലഭിക്കുന്ന ഇൻഷ്വറൻസ് തുക അതത് ആശുപത്രികളുടെ വികസനത്തിന് ഉപയോഗിക്കാമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) 2010-2011 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ സംസ്ഥാന ത്തൊട്ടാകെ ആരോഗ്യ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപ ഇൻഷ്വറൻസ് തുകയായി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഈ തുക ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു എന്ന വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* [16-10-2008-ലെ ജി.ഒ. (എം എസ്.) 540/08/ H & FWD]

(സി) 2009-10 സാമ്പത്തിക വർഷം 44.85 കോടി രൂപ ചികിത്സ ഇനത്തിൽ ആശുപത്രികൾക്ക് ലഭിച്ചിട്ടുണ്ട്. ഇതിൽ 18.09 കോടി രൂപയാണ് സർക്കാർ ആശുപത്രികൾക്ക് ലഭിച്ചത്. 2010-11 വർഷത്തിൽ ഇതിലും ഉയർന്ന തുക ആശുപത്രികൾക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷ.

(ഡി) സർക്കാർ ആശുപത്രികളെ സംബന്ധിച്ചിടത്തോളം ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ലഭിക്കുന്ന തുകയുടെ 85 ശതമാനം ആശുപത്രി വികസന സമിതികൾക്കാണ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃത മായാണ് ടി തുക വിനിയോഗിച്ചു വരുന്നത്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

43 (5448) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരി ക്കുന്നത് ആരെയൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാരെയും സർവ്വീസ് പെൻഷൻകാരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2002-ലെ ബി.പി.എൽ. ലിസ്റ്റിലുള്ളവർ, കർഷക തൊഴിലാളികൾ, കശുവണ്ടി പെൻഷൻകാർ, കയർ, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ-കാട്ടുവള്ളി, ഖാദി, ചെറുകിടതോട്ടം, ബാർബർ-ബ്യൂട്ടീഷൻ, അലക്ക് തുടങ്ങിയ മേഖല കളിലെ തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ, ആശ്രയ കുടുംബങ്ങൾ, തയ്യൽ തൊഴിലാളി കുടുംബങ്ങൾ, ദേശീയ തൊഴിലുറപ്പു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly